**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1377** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ നൽകിയ റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | നേരേകടവ് മാക്കേകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബാലൻസ് പ്രവൃത്തിചെയ്യുന്നതിനായി കരാറുകാരൻ റേറ്റ് റിവിഷൻ ആവശ്യപ്പെട്ടുകയും അതിൻപ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത<br><br>പ്രവൃത്തി സർക്കാരിന്റെ അംഗീകാരത്തോടെ DSoR 2018 ഐറ്റം റേറ്റിൽ നിലവിലുള്ള ഡിസൈൻ പ്രകാരം നിലവിലെ കരാറുകാരനെ കൊണ്ട് ചെയ്യിക്കുവാനും, കരാറുകാരൻ വിസമ്മതിക്കുകയാണെങ്കിൽ കരാറുകാരന്റെ ഭാഗിക നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്യുവാനും, 2018 DSoR ഐറ്റം റേറ്റിൽ പ്രവൃത്തി ടെണ്ടർ ചെയ്തു നടപ്പാക്കുവാനും നിർദ്ദേശിച്ചു. 13/07/2023 തീയതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദക്ഷിണ മേഖല ആലപ്പുഴ കരാറുകാരനെ അറിയിക്കുകയും, 48,93,84,208/- രൂപയ്ക്ക് ബാക്കി പ്രവൃത്തി ചെയ്യുവാൻ തയ്യാറാണെന്ന് കരാറുകാരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി പൊതുമരാമത്ത്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/08/2023 ന് ഉന്നതതലയോഗം ചേർന്നിരുന്നു. ഈ യോഗ തീരുമാനപ്രകാരം അംഗീകരിച്ച ഡിസൈനിന്റെ അടിസ്ഥാനത്തിൽ ബാലൻസ് പ്രവൃത്തിക്ക് DsoR 2018, GST 18% പ്രകാരമുള്ള എസ്റ്റിമേറ്റ് തുക DsoR – 2018 + 10% പ്രകാരമുള്ള തുക LMR പ്രകാരമുള്ള തുക എന്നിവ ശാസ്ത്രീയമായി കണക്കാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിർമ്മാണത്തിന്റെ റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ കൈവശം ആണെന്നും എത്ര നാളായി ഈ ഫയൽ അദ്ദേഹത്തിന്റെ കൈവശം ഇരിക്കുന്നുവെന്നും വിശദമാക്കാമോ? | (ബി) | നേരേകടവ് മാക്കേകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബാലൻസ് പ്രവൃത്തിചെയ്യുന്നതിനായി കരാറുകാരൻ റേറ്റ് റിവിഷൻ ആവശ്യപ്പെട്ടുകയും അതിൻപ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ റിവൈസ്ഡ് എസ്ററിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത<br><br>പ്രവൃത്തി സർക്കാരിന്റെ അംഗീകാരത്തോടെ DSoR 2018 ഐറ്റം റേറ്റിൽ നിലവിലുള്ള ഡിസൈൻ പ്രകാരം നിലവിലെ കരാറുകാരനെ കൊണ്ട് ചെയ്യിക്കുവാനും, കരാറുകാരൻ വിസമ്മതിക്കുകയാണെങ്കിൽ കരാറുകാരന്റെ ഭാഗിക നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്യുവാനും, 2018 DSoR ഐറ്റം റേറ്റിൽ പ്രവൃത്തി ടെണ്ടർ ചെയ്തു നടപ്പാക്കുവാനും നിർദ്ദേശിച്ചു. 13/07/2023 തീയതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദക്ഷിണ മേഖല ആലപ്പുഴ കരാറുകാരനെ അറിയിക്കുകയും, 48,93,84,208/- രൂപയ്ക്ക് ബാക്കി പ്രവൃത്തി ചെയ്യുവാൻ തയ്യാറാണെന്ന് കരാറുകാരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി പൊതുമരാമത്ത്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/08/2023 ന് ഉന്നതതലയോഗം ചേർന്നിരുന്നു. ഈ യോഗ തീരുമാനപ്രകാരം അംഗീകരിച്ച ഡിസൈനിന്റെ അടിസ്ഥാനത്തിൽ ബാലൻസ് പ്രവൃത്തിക്ക് DsoR 2018, GST 18% പ്രകാരമുള്ള എസ്റ്റിമേറ്റ് തുക DsoR – 2018 + 10% പ്രകാരമുള്ള തുക LMR പ്രകാരമുള്ള തുക എന്നിവ ശാസ്ത്രീയമായി കണക്കാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ